HLM-0199

The Heavenly Light Ministry

വാഴ്ത്തി സ്തുതിക്കുമെന്നും ഞാനെന്റെ
താഴ്ചയിൽ ഓർത്ത ഈശനെ
വർണ്ണിച്ചിടാൻ എനിക്കെന്റെ നാവു പോരായേ
എണ്ണി തീർത്തിടാമോ അവൻ ചെയ്തത്
ആയിരമായ് സ്തുതിച്ചീടുന്നേ
ആനന്ദ ഹസ്തങ്ങളെ ഉയർത്തി... വാഴ്ത്തി
പാപശാപ രോഗമായതെന്റെ ഭീതിയാൽ
നാശഗർത്തത്തിൽ പതിക്കും നേരത്തിൽ
സ്നേഹ ഹസ്തം നീട്ടിയെന്നെ
നിൻ തിരുരാജ്യത്തിലാക്കിയല്ലോ വാഴ്ത്തി
അല്ലൽ തിങ്ങും ജീവിതത്തിൽ ഞാൻ വസിച്ചപ്പോൾ
വല്ലഭാ നിൻ സ്നേഹമെന്നിലൂററിയല്ലോ
ജയഗീതം പാടീടുവാൻ
നിൻ ജയം നീയെനിക്കേകിയല്ലോ വാഴ്ത്തി
പാപികളെ തേടിവന്ന യേശു രക്ഷകൻ
പാപമില്ലാ ശുദ്ധർക്കായിതാ വരുന്നേ
വരവിൻദിനം അതിസമീപം
വരവിൻ പ്രത്യാശയാൽ നിറഞ്ഞീടാമേ... വാഴ്ത്തി
ചേററിലല്ലയോ കിടന്നതോർത്തു നോക്കിയാൽ
നാററമല്ലയോ വമിച്ചതെൻ ജീവിതം
മാററിയല്ലോ എൻ ജീവിതത്തെ
മാററമില്ലാത്ത നിന്റെ കൃപയാൽ ... വാഴ്ത്തി